(മമ്മയുടെ പുണ്യസ്മൃതി ദിനത്തിൽ പ്രഭാതക്ലാസിൽ കേൾപ്പിക്കുന്നതിനായി മാതേശ്വരിജിയുടെ മധുര മഹാവാക്യങ്ങൾ)

# കർമം തന്നെയാണ് സുഖത്തിന്റെയും ദു:ഖത്തിന്റെയും കാരണം

എല്ലാവർക്കും അറിയാം– ജീവിതത്തിൽ സുഖവും ദു:ഖവും കർമത്തിന്റെ അടിസ്ഥാനത്തിൽ പ്രാലബ്ധമായി നടക്കുന്നു. തീർച്ചയായും മുമ്പ് ഇങ്ങനെ കർമം ചെയ്തിട്ടുണ്ട്, അതിന്റെ പ്രാലബ്ധമായിട്ടാണ് ദു:ഖത്തിന്റേയോ സുഖത്തിന്റേയോ രൂപത്തിൽ ഭോഗിക്കേണ്ടി വരുന്നത്. അപ്പോൾ സുഖത്തിനും ദു:ഖത്തിനും കർമവുമായി ബന്ധമുണ്ട്. കർമത്തെ വിധി എന്നു പറയുകയില്ല. പലരും ഇങ്ങനെ വിചാരിക്കുന്നു വിധിയിലുള്ളതായിരിക്കാം അതിനാൽ ദു:ഖത്തെയും സുഖത്തെയും വിധിയെന്നു വിചാരിക്കുന്നു. ഈ വിധി എന്നത് ഏതോ ഭഗവാനോ മറ്റാരോ ഉണ്ടാക്കിയതാണ് എന്നത്പോലെ, അതിനാൽ പറയുന്നു എന്താണോ വിധിക്കപ്പെട്ടത് എന്ന്. പക്ഷെ ഇതു മനസിലാക്കേണ്ടത് വളരെ ആവശ്യമാണ് വിധി ആരാണുണ്ടാക്കിയത്? വിധി ഒരു പരമാത്മാവും ഉണ്ടാക്കിയതല്ല. വിധി ആദ്യമേ തന്നെ ഉണ്ടായിക്കഴിഞ്ഞതാണ്, ഇങ്ങനെയുമല്ല. അല്ല. മനുഷ്യർ അനുഭവിക്കുന്ന ഈ സുഖവും ദു:ഖവും, ആ സുഖ–ദു:ഖത്തെ സൃഷ്ടിക്കുന്നയാളും മനുഷ്യൻ തന്നെയാണ്, എന്തുകൊണ്ടെന്നാൽ കർമം ചെയ്യുന്നയാൾ മനുഷ്യനാണ്, അതിനാൽ ഉത്തരവാദിത്തവും തന്റേതായി. വിതയ്ക്കുന്നതു കൊയ്യുന്നു ഇതു സാധാരണ ചൊല്ലാണ്, എന്തു ചെയ്യുന്നുവോ അതു നേടും. ഗീതയിലും വർണിച്ചിരിക്കുന്നു, ജീവാത്മാവു തന്നെ അവനവനു മിത്രവും അവനവനു ശത്രുവുമാകുന്നു. ഇങ്ങനെ പറഞ്ഞില്ല–ഞാൻ നിന്റെ ശത്രുവാണ്, ഞാൻ നിന്റെ മിത്രമാണ്. അല്ല. ജീവാത്മാവു തന്റെ ശത്രുവും തന്റെ മിത്രവുമാണ്. അതിനാൽ തന്നോട് മിത്രതയും തന്നോടു ശത്രുതയും, സുഖവും ദു:ഖവും ഉണ്ടാക്കുന്നയാൾ സ്വയം മനുഷ്യൻ ആണ്. അതിനാൽ ഇക്കാര്യം ഇത്രയും വ്യക്തമാണ് സുഖദു:ഖത്തിന്റെ ഉത്തരവാദി മനുഷ്യൻ സ്വയം തന്നെയാണ്. അതുകൊണ്ട് ഏതെങ്കിലും തരത്തിൽ ദു:ഖം വരുമ്പോൾ അതിനെ അകറ്റാനായി ശ്രമിക്കുന്നു. എന്തെങ്കിലും വഴക്കും വക്കാണവുമുണ്ടാകുമ്പോൾ അത് അവസാനിപ്പിക്കാനായി ശ്രമിക്കുന്നു. ഇവിടെ ആരുടെയെങ്കിലും അകാലമരണം സംഭവിക്കുമ്പോഴും ദു:ഖമുണ്ടാകുന്നു. അപ്പോൾ വിചാരിക്കുന്നു അറിയില്ല, എനിക്ക് എന്തുകൊണ്ടാണിങ്ങനെ വരുന്നത് ? പിന്നെ ആ ആവേശത്തിൽ വന്ന് ഭഗവാനെയും നിന്ദിക്കാൻ തുടങ്ങുന്നു. നിങ്ങൾക്കു മുന്നിൽ വന്ന ഇക്കാര്യങ്ങൾ, ഇവയെല്ലാം ആരാണു ചെയ്തത്? ഈ വന്ന അകാലമരണം, രോഗത്തിന്റെ രൂപത്തിൽ വന്ന ഈ ദു:ഖം, എന്താ ഇത് ഭഗവാൻ ചെയ്തതോ? ഹേ, ഭഗവാൻ എന്നു വിളിക്കുന്നയാൾ ദു:ഖഹർത്താവും സുഖകർത്താവുമാണ്. അതുകൊണ്ടാണല്ലോ എന്തെങ്കിലും ദു:ഖം വരുമ്പോൾ ആ ആളെ ഓർമിക്കുന്നത്. ശരീരത്തിനു രോഗം വരുമ്പോഴും പറയുന്നു, ഹേ ഭഗവാൻ! ദു:ഖത്തിൽ അതേ ആളെ ഓർമിക്കുന്നു, ഭഗവാനാണ് നൽകിയതെങ്കിൽ പിന്നെ ദു:ഖം നൽകുന്നയാൾ എന്തു ചെയ്യാനാണ്? പറയൂ. ഇതും ചിന്തിക്കുന്നത് നല്ലതാണ്, ദു:ഖത്തിന്റെ സമയത്ത് ആരെ ഓർമ വരുന്നുവോ അത് ഈ ദു:ഖം നൽകിയ ആളാണെന്ന് പറയാനേ ആവില്ല. ഇതും മനസിലാക്കേണ്ട കാര്യമാണ്. ഓർമിക്കുമ്പോൾ തീർച്ചയായും നമുക്ക് ആ ആളുമായുള്ള ബന്ധം മറ്റൊന്നാണ്, ദു:ഖം നൽകുന്നതിന്റെയല്ല. അതിൽ നിന്നും തെളിയുന്നു ദു:ഖത്തിന്റെ കാരണം അഥവാ അതിന്റെ ഉത്തരവാദി വേറെയാരോ ആണ്! ഇവിടെ മൂന്നാമതോ ആരും തന്നെയില്ല. ഒന്ന് ഞാൻ രണ്ടാമത് എന്റെ രചയിതാവ്, അത്ര മാത്രം. രണ്ടല്ലേയുള്ളൂ. ഒന്ന് ഞാൻ ആ ഭഗവാന്റെ രചന അല്ലെങ്കിൽ സന്താനം എന്നു പറഞ്ഞോളൂ, രണ്ടാമത് പിതാവും. അപ്പോൾ എന്താ പിതാവാണോ ഉത്തരവാദി അതോ ഞാനാണോ ഉത്തരവാദി! എന്നാൽ എന്റെയടുക്കൽ ദു:ഖം വരുമ്പോൾ എനിക്ക് ഇങ്ങനെ കാണപ്പെടുന്നു– ആ രചയിതാവു തന്നെയാണ് എനിക്കു ദു:ഖം നൽകിയത്. ഉള്ളിൽ നിന്ന് തോന്നുന്നുമുണ്ട് അതെന്റെ സുഖദാതാവാണ്. സുഖത്തിനായി ആശ്രയിക്കാറുള്ളതു പോലെ, ഭഗവാനേ ഈ ദു:ഖം അകറ്റൂ, ഭഗവാനേ എനിക്ക് ആയുസ് കൂട്ടിത്തരൂ, നോക്കൂ ആയുസിനു വേണ്ടി പോലും യാചിക്കുന്നു. അപ്പോൾ ആയുസിന്റെയായാലും ദു:ഖത്തിന്റെയായാലും ശരീരത്തിന്റെ രോഗത്തിന്റെയായാലും ഏതെങ്കിലും വഴക്കോ കലഹമോ എന്തു തന്നെ അശാന്തിയുടെ കാരണം വന്നാലും അപ്പോൾ ഭഗവാനോട് യാചിക്കുന്നു. ഏതെങ്കിലും കുട്ടി ഇങ്ങനെയായാലും പറയുന്നു, ഭഗവാനേ ഇവന് നല്ല മാർഗം നൽകണേ, അപ്പോൾ മാർഗവും ഭഗവാനോട് യാചിക്കുന്നു. ഏതെങ്കിലും കാര്യത്തിൽ ദു:ഖമോ കഷ്ടതയോ വരുമ്പോൾ കഷ്ടതയിൽ ഓർമിക്കുന്നതും ആ ഭഗവാനെയാണ്, ആവശ്യപ്പെടുന്നതും ആ ആളോടാണ്. ആ ആളോടു തന്നെ ആവശ്യപ്പെടുന്നുവെങ്കിൽ തീർച്ചയായും അതിന്റെ ദാതാവായിരിക്കും, അവർ തന്നയാണ് നമുക്കു സുഖം നൽകുന്നയാൾ. അതായത് ഈ കാര്യങ്ങൾക്കെല്ലാം പരിഹാരം ആ ആളുടെയടുക്കലേ ഉള്ളൂ. വെറുതെ ഓർമിക്കുക മാത്രമല്ല, അവിടെ പരിഹാരമുണ്ട്. അപ്പോൾ അറിഞ്ഞോ അറിയാതെയോ ഉള്ള നമ്മുടെ ഈ ശീലങ്ങൾ, ഭഗവാനെ പക്ഷേ ദു:ഖത്തിന്റെ നേരത്ത് തീർച്ചയായും ഓർമിക്കുന്നു. എന്തെങ്കിലും കാര്യം വരുമ്പോൾ വായിൽ നിന്നു വരുന്നു –ഓ മൈ ഗോഡ്.

ആ ദൈവം ആരാണെന്നും  എന്താണെന്നും അറിഞ്ഞിട്ടോ അറിയാതെയോ, എന്നാൽ വായിൽ നിന്ന് തീർച്ചയായും വരുന്നു. ഇതും മനസിലാക്കേണ്ട കാര്യങ്ങളാണ്, അവസാനനേരവും നാം ഓർമിക്കുന്ന യാൾക്ക് എന്താ നമ്മുടെ ഈ ദു:ഖങ്ങളുമായെല്ലാം ബന്ധമുണ്ടാകുമോ! എന്താ അദ്ദേഹം ദു:ഖത്തിന്റെ ദാതാവാണോ അതോ സുഖം നൽകുന്ന ബന്ധമാണോ!ഇത് നാം ഓർമിക്കുന്നതിൽ നിന്നു തന്നെ തെളി യുന്നു, ദു:ഖം തരുന്നതുമായി ഒരു ബന്ധവുമില്ലാത്തയാളാണെന്ന്. അഥവാ നൽകുന്നുവെങ്കിൽ എന്തിന് ഓർമിക്കുന്നു? ദു:ഖം നൽകുന്നയാളോട് ഉള്ളിൽ ദേഷ്യമുണ്ടാകുന്നു, വിചാരിക്കുന്നു ഇവരെ എന്തു ചെയ്യണമെന്നറിയില്ല..എന്നാൽ ഭഗവാനോട് സദാ ദു:ഖത്തിന്റെ സമയത്തും തീവ്രസ്നേഹം വരുന്നു. എന്റെ ഏതോ വലിയ മിത്രമെന്ന പോലെ ഉള്ളിൽ നിന്നു വരുന്നു. ഉള്ളിൽ ആ സന്തോഷം വരുന്നു. അപ്പോൾ തീർച്ചയായും സുഖദായിയായ ബന്ധമാണ്. അപ്പോൾ ദു:ഖത്തിന്റെ കാരണം തീർച്ചയായും മറ്റാരോ ആണ്. മൂന്നാമതാണെങ്കിൽ ആരും തന്നെയില്ല. ഒന്ന് ഞാൻ രണ്ടാമത് അവിടുന്ന്, അപ്പോൾ തീർച്ചയായും ഉത്തരവാദി ഞാൻ ആയി.

ഏതൊന്നിന് ഞാൻ നിമിത്തമാണോ, ദു:ഖത്തിൽ ദു:ഖിയാകുന്നതും ഞാൻ, ദു:ഖം ഉണ്ടാക്കുന്നതും ഞാൻ സ്വയം തന്നെ, അപ്പോൾ നോക്കൂ എത്ര വലിയ അവിവേകമാണ്. എന്തൊന്നിൽ നിന്നാണോ മോചനം വേണ്ടത് അത് നാം സ്വയം തന്നെ ഉണ്ടാക്കുന്നതാണ്, ആശ്ചര്യകരമായ കാര്യമല്ലേ. മനുഷ്യർ ആഗ്രഹിക്കു ന്നില്ല എങ്കിലും ദു:ഖമുണ്ടാക്കിപ്പോകുന്നു. അപ്പോൾ തീർച്ചയായും ഏതോ കാര്യത്തിൽ അജ്ഞാനിയാ ണ്, അവിവേകിയാണ്. അപ്പോൾ എന്താണോ അറിയാത്ത കാര്യം അത് ആദ്യം അറിയേണ്ടതിന്റെ ആവ ശ്യമില്ലേ. തീർച്ചയായും എനിക്ക് അതിന്റെ എന്തെങ്കിലും ജ്ഞാനം( ബോധം) വേണം. ഈ അറിവ് ആദ്യം തേടണം. എന്നാൽ അത്ഭുതം, ഇന്ന് ഇക്കാര്യം മനസിലാക്കുവാൻ പല പാവങ്ങളും എത്ര ഒഴികഴിവാണ് പറയുന്നത്. പറയും, ഒഴിവില്ല, സമയമില്ല. എന്തു ചെയ്യും, ഗൃഹസ്ഥം, വ്യാപാരം ഒക്കെ നോക്കണോ ഇതു ചെയ്യണോ അതു ചെയ്യണോ എന്തു ചെയ്യണം, അതിനാൽ അവയൊക്കെ നോക്കിനടത്തിക്കൊണ്ടും അവിടെ ദു:ഖിച്ചിരിക്കുന്നു. എപ്പോൾ മുതൽ ഞാൻ എന്റെ, എന്റെ എന്നു പറഞ്ഞുവോ അത് ദു:ഖത്തിന്റെ രൂപമായി, അത് ദു:ഖമായി മാറിയെങ്കിൽ അന്വേഷിക്കണം. ഉണ്ടാക്കുന്നതിനു മുമ്പേ അതിന്റെ അറിവു നേടണം, ഏതു കാര്യങ്ങൾ വന്ന് ഞാൻ ദു:ഖിയാകുന്നുവോ, അതിന്റെ കാരണമെന്താണ്! ആദ്യം എനിക്ക് ഈ ബോധം വേണം ഞാൻ എന്തുകൊണ്ടാണ് ദു:ഖിക്കുന്നത്. എന്താ സുഖം നമുക്ക് ഉണ്ടാകുകയേ യില്ലേ! ഇക്കാര്യവും അറിയണം.

ഈ അറിവിനായി ഇവിടെ പറയുന്നു എന്തു തന്നെ എന്റെ എന്നു കരുതിയോ, അതു തന്നെയാണ് ദു:ഖത്തിന്റെ കാരണം. ദു:ഖമകറ്റാനുള്ള പരിഹാരമെന്താണ്, അതും ജീവിക്കാൻ അത്യാവശ്യം അറിയേ ണ്ടതാണ്. എന്നാൽ അറിഞ്ഞുകൊണ്ടും എന്തു ചെയ്യാൻ, എങ്ങനെ ചെയ്യാൻ, ഗൃഹസ്ഥവ്യവഹാരം ഉപേ ക്ഷിച്ചാലോ! അപ്പോൾ ആശ്ചര്യം തോന്നുന്നു, മനുഷ്യരുടെ ബുദ്ധി നോക്കൂ, എന്തു ജ്ഞാനം ലഭിച്ചുവോ അതിനെ ധാരണയാക്കാൻ കഴിയുന്നില്ല. നാം അനുഭവത്തിലൂടെ അതേ കാര്യങ്ങളെ മനസിലാക്കിയും ധാരണയാക്കിയും പറയുന്നു ഇത് അനുഭവിച്ചറിയാനുള്ളതാണ്. തീർച്ചയായും അനുഭവമായതുകൊണ്ടാണ് പറയുന്നത്– പ്രായോഗികമായി ഏതു വിധത്തിലൂടെ സുഖം നേടാൻ കഴിയും. വളരെക്കാലമായി ആശിച്ചി രുന്ന കാര്യം, ഇപ്പോൾ ആ സുഖദാതാവ് സ്വയം നമുക്ക് സ്വന്തം പരിചയം നൽകുകയാണ്, മക്കളേ, നിങ്ങൾ എന്തുകൊണ്ട് ദു:ഖിതരായി? കാരണം നിങ്ങളുടേതു തന്നെയാണ്. എന്നാൽ നിങ്ങളിൽ ഉള്ള നിങ്ങൾക്കറിയാത്തതായ കാര്യം, അതിന്റെ കാരണത്താൽ ദു:ഖം പുറപ്പെടുകയാണ്. എന്താ നിങ്ങളുടെ കർമം തന്നെ ദു:ഖത്തിന്റെ കാരണമാകുന്നുവോ! അതു വന്ന് മനസിലാക്കി നോക്കൂ, നാം ഇത്രയും ഓഫർ ചെയ്യുന്നു. എന്നിട്ടും ആശ്ചര്യം നോക്കൂ, ഇതു കേട്ടിട്ടും പാവങ്ങൾ പറയുന്നു, ആയിരിക്കാം ഇതു തന്നെ നടക്കട്ടെ. ഇതിനെത്തന്നെയാണ് പറയുന്നത് അഹോ എന്റെ മായേ! ഒന്നാന്തരം മായ പിടിച്ചിരി ക്കുകയാണ്. എന്തിന് വേണ്ടി ദിവസം മുഴുവൻ തലയിട്ടടിക്കുന്നുവോ അത് അച്ഛൻ മുന്നിൽ വന്ന് പറ ഞ്ഞുതരുന്നു, മക്കളേ നിങ്ങളുടെ സുഖത്തിന്റെ കാരണവും ദു:ഖത്തിന്റെ കാരണവും എന്താണെന്ന്.

ബാബ സ്വയം പറയുന്നു ഞാൻ നിങ്ങളുടെ എല്ലാ ദു:ഖവും ഇല്ലാതാക്കാനും നിങ്ങൾക്ക് സുഖമേകാനും വന്നതാണ്, അതുകൊണ്ടാണ് പാടാറുള്ളത്, ദു:ഖഹർത്താവ്, സുഖകർത്താവ്. ഒരിക്കലും ഇങ്ങനെ പറയി ല്ല, ഇന്ന് ദു:ഖഹർത്താവും സുഖകർത്താവും. ഇല്ല, എല്ലാ ദു:ഖത്തെയും ഹരിക്കുന്നത് ഭഗവാനാണ്. ബാബ പറയുന്നു മക്കളേ, ഞാൻ വന്നിരിക്കുകയാണ്, നിങ്ങളുടെ ദു:ഖം ഹരിക്കാൻ. പക്ഷേ അതിനു വേണ്ടി ഇങ്ങനെയുള്ള കർമം ചെയ്യാൻ പഠിപ്പിക്കും അതിലൂടെ നിങ്ങളുടെ ദു:ഖം പോകും. ഞാൻ എന്തു പഠിപ്പിക്കുന്നുവോ മനസിലാക്കിത്തരുന്നുവോ അതിനെ മനസിലാക്കി ആ പുരുഷാർഥം മാത്രം ചെയ്യൂ, അതിലൂടെ ദു:ഖം പോകും. നിങ്ങളുടെ ദു:ഖം പോകാൻ തന്നെയാണ് ഞാൻ ശിക്ഷണം നൽകുന്നത്,

അതിനെ ധാരണയാക്കൂ എന്തെന്നാൽ നിങ്ങളുടെ വസ്തുവാണല്ലോ. എന്നാൽ പല പാവങ്ങളും ഇങ്ങനെ യാണ് കാരണം പറയുന്നത്, ഭഗവാനോട് എന്തോ ദയ കാണിക്കുന്നു എന്ന മട്ടിൽ. ചിലർ പിന്നെ പറയു ന്നത് സമയമുണ്ടെങ്കിൽ ചെയ്യാം! ഹേ സഹോദരാ കഴിക്കാനും കുടിക്കാനുമുള്ള കാര്യങ്ങൾക്കായുള്ള ഈ കർമത്തിൽ തന്നെ ഉണ്ടാക്കിയെടുത്ത കണക്കുകളിൽ നിങ്ങൾ ആശയക്കുഴപ്പത്തിൽ പെട്ടിരിക്കുന്നു, അതിൽ തന്നെയാണ് ദു:ഖിക്കുന്നത്. ഒരു വശത്ത് പറയുന്നുമുണ്ട് ദു:ഖത്തിൽ നിന്ന് മോചിപ്പിക്കൂ മറുവ ശത്ത് ഈ ദു:ഖത്തിൽ നിന്നെല്ലാം മോചനത്തിനുള്ള വഴി സ്വയം പിതാവു മനസിലാക്കിത്തരുമ്പോൾ നോക്കൂ ആരുടെയെങ്കിലും ബുദ്ധിയിലിരിക്കുന്നത് വളരെ വിഷമിച്ചാണ്, ഇതേ പോലെ മായ എന്ന് ഈ വികാരങ്ങളെ പറയുന്നു. എന്നാൽ മനുഷ്യർ പാവം ധനസമ്പത്തിനെ മായ എന്നു വിചാരിക്കുന്നു. പലരും ശരീരത്തെയും മായ എന്നു പറയുന്നു. അതിൽ നിന്നു രക്ഷപെടാനുള്ള മാർഗം നോക്കിക്കൊണ്ടിരിക്കു ന്നു. എന്നാൽ അച്ഛൻ പറയുന്നു നിങ്ങളുടെ ദു:ഖത്തിന്റെ കാരണം മറ്റൊന്നാണ്. ഈ പ്രകൃതിയാണെ ങ്കിൽ എന്റെ സൃഷ്ടിയാണ്, അനാദിയാണ്, ഒരു ദു:ഖത്തിനും കാരണമല്ല. നിങ്ങളിൽ അധികമായി വന്നു ചേർന്നിട്ടുള്ള എന്തോ വസ്തു അതാണ് ദു:ഖത്തിനു കാരണം. അതിനെയാണ് പഞ്ചവികാരം(മായ) എന്നു പറയുന്നത്. വികാരം എന്നാൽ ശരീരമൊന്നുമല്ല. ലോകം വികാരമല്ല. ധനസമ്പത്തും വികാരമല്ല. വികാരം വേറെ സാധനമാണ്, അതു വന്നതിലൂടെ ഈ സാധനങ്ങളെല്ലാം ദു:ഖത്തിനു കാരണമായി. ഇല്ലെങ്കിൽ ഈ പദാർഥങ്ങളെല്ലാം ആത്മാവിനു സുഖത്തിന്റെ കാരണമാണ്. അങ്ങനെയുള്ളവർക്ക് ഈ ധനവും സമ്പത്തുമെല്ലാം സുഖത്തിനു കാരണമാണ്. എന്നാൽ ഈ കാര്യങ്ങളുടെയെല്ലാം പൂർണജ്ഞാനം ഇല്ലാ ത്തതിനാൽ ഈ സാധനങ്ങളെല്ലാം ദു:ഖത്തിലായി മാറി. ഇങ്ങനെയുമല്ല ഞാൻ രചിച്ച ഈ അനാദി സൃഷ്ടി ദു:ഖത്തിനു കാരണമാണ്, അല്ല. ദു:ഖത്തിന്റെ കാരണം നിങ്ങളുണ്ടാക്കി. നിങ്ങളിലേക്ക് മറ്റൊരു വസ്തു വന്നുചേർന്നു. ആ വേറെ വസ്തുവാണ് ഈ മായ 5 വികാരങ്ങൾ. ഇപ്പോൾ അതിനെയാണ് നിങ്ങൾക്ക് കളയേണ്ടത്. മനുഷ്യർ പിന്നെ പറയുന്നത് ഇതെല്ലാം ഭഗവാൻ നൽകിയതാണ്, ഭഗവാനാണ് നൽകിയതെങ്കിൽ സുഖത്തിന്റെ സാധനമല്ലേ നൽകിയിട്ടുണ്ടാവുക. ഇതിൽ നിങ്ങൾ വികാരം ചേർത്ത് ഈ സാധനങ്ങളെയെല്ലാം ചീത്തയാക്കി. അതിനാൽ ബാബ പറയുകയാണ് നിങ്ങൾ ഈ വികാരങ്ങളെ യെല്ലാം കളയൂ എങ്കിൽ സദാ സുഖിയായി മാറും. ഈ കാര്യങ്ങളെല്ലാം മനസിലാക്കാനുള്ളതാണ്. അതിന് അൽപം സമയം നൽകേണ്ടി വരുമല്ലോ. ദു:ഖങ്ങളെ അവസാനിപ്പിക്കാനുള്ള വിധി പഠിക്കേണ്ടി വരും. അതിനായാണ് പറയുന്നത് പല വട്ടം വരൂ, എന്തെങ്കിലും മനസിലാക്കൂ. എന്നാൽ ഇങ്ങനെയാകരുത്, ഇവിടെ നിന്നും കേട്ടു, പുറത്തുപോയി, കാര്യം കഴിഞ്ഞു. പലരും പിന്നെ ഇങ്ങനെ പറയുന്നു ഇത് പ്രായ മായവരുടെയോ വൃദ്ധരുടെയോ കാര്യമാണ്. എന്താ ജീവിതമുണ്ടാക്കുക എന്നത് വയസായവർക്കു മാത്ര മാണോ ആവശ്യം! വൃദ്ധരാണെങ്കിൽ തല കീഴായ പടവു കയറി പിന്നെ ഇറങ്ങാൻ നോക്കുന്നവരാണ്, അതിനെക്കാൾ എന്തുകൊണ്ട് പടി കയറും മുമ്പ് സൂക്ഷിച്ചുകൂടാ എനിക്ക് ജീവിതത്തെ എങ്ങനെ കൊണ്ടു പോകണമെന്ന്. അതിനാൽ ഈ കാര്യങ്ങളെ മനസിലാക്കി തന്റെ ജീവിതത്തിൽ ദു:ഖത്തിന്റെ വേര്, ദു:ഖത്തിന്റെ കാരണത്തെ അകറ്റുന്നതിനുള്ള പരിപൂർണ യത്നം (പുരുഷാർഥം) ചെയ്യണം എന്നുള്ള വർക്കു നിർദേശം നൽകും.

ഭഗവാനാകുന്ന ബാബ സർവരുടെയും പിതാവാണ്, നമുക്ക് അവകാശമുണ്ട് , അവർക്കും മനസിലാക്കി ആ അവകാശമെടുക്കണം. വെറുതെ അച്ഛനെന്നു പറയുക മാത്രമല്ല, എന്നാൽ ആ ആളിലൂടെ നമുക്കെന്തു പ്രാപ്തിയാണുണ്ടാക്കേണ്ടത്, ഇതു കൂടി ആരെങ്കിലും വന്ന് കേൾക്കട്ടെ, മനസിലാക്കട്ടെ. നാം എല്ലാ വർക്കും ഓഫർ നൽകിക്കൊണ്ടിരിക്കും. ഇനിയും ക്ഷണവും സന്ദേശവും നൽകിക്കൊണ്ടിരിക്കും. പിന്നെ കോടിയിൽ ചിലർ ഉണരുന്നു. മുമ്പും ഇങ്ങനെ സംഭവിച്ചതാണ്. അതുകൊണ്ടാണല്ലോ ഭഗവാൻ സ്വയം പറഞ്ഞത് കോടിയിലും ചിലരേ എന്നെ അറിയുകയുള്ളൂ. അപ്പോൾ ഇവിടെ വന്ന് ഈ കാര്യത്തെ മനസി ലാക്കി കുറച്ച് ധാരണയാക്കാനുള്ള കാര്യങ്ങൾ ചെയ്യൂ. ഒരു ദിവസം തന്നെ ഈ കാര്യങ്ങളെല്ലാം മനസി ലാക്കിക്കൊടുക്കുന്നതിലൂടെ വരികയില്ല. ശരി. മധുരമധുരമായ കുട്ടികൾക്ക് സ്നേഹസ്മരണയും നമ സ്തേയും.

## വരദാനം: തന്റെ പൂജ്യസ്വരൂപത്തിന്റെ സ്മൃതിയിലൂടെ സദാ ആത്മീയ ലഹരിയിൽ കഴി യുന്ന ജീവന്മുക്തരായി ഭവിക്കട്ടെ.

ബ്രാഹ്മണ ജീവിതത്തിന്റെ രസം ജീവന്മുക്ത സ്ഥിതിയിലാണ്. ആർക്കാണോ തന്റെ പൂജ്യസ്വരൂപത്തിന്റെ സ്മൃതി സദാ ഉള്ളത് അവരുടെ കണ്ണുകൾ ബാബയിലല്ലാതെ ആരിലും ഉടക്കുകയില്ല. പൂജ്യആത്മാ ക്കൾക്കു മുന്നിൽ സ്വയം എല്ലാ വ്യക്തികളും വൈഭവങ്ങളും കുമ്പിടുന്നു. പൂജ്യർ ഒന്നിനും പിറകെ ആകർഷിതരാകുകയില്ല. ദേഹം, സംബന്ധം, പദാർഥം, സംസ്കാരങ്ങളിൽ പോലും മനസിന്റെയോ ബുദ്ധി

യുടെയോ ചായ്‌വ് ഉണ്ടാവുകയില്ല. ഒരു ബന്ധനത്തിലും അവർ ബന്ധിതരാവുകയില്ല. സദാ ജീവന്മുക്ത സ്ഥിതിയുടെ അനുഭവം ചെയ്യുന്നു.

**സ്ലോഗൻ: സത്യമായ സേവാധാരി നിമിത്തവും വിനയാന്വിതരുമായിരിക്കും.**